**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5291** **12-08-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ മിനിവ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ - ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ഓരോ മിനിവ്യവസായ എസ്റ്റേറ്റിന്റെയും വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | മണലൂർ മണ്ഡലത്തിൽ - ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വിസ്തീർണ്ണം ഒരേക്കർ ആണ്. |
| (സി) | ഓരോ മിനിവ്യവസായ എസ്റ്റേറ്റിലുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ മിനി എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പേര് ചുവടെ ചേർക്കുന്നു. 1. കെ.പി.കെ എഞ്ചിനീയറിംഗ് വർക്സ് 2. കാരാട്ടിയിൽ സ്റ്റീൽ ഫാബ്രിക്കേറ്റേഴ്സ് 3. സി.വി.സൺസ് 4. എവർഷൈൻ പൗഡർ കോട്ടിംഗ് 5. പീജെ റബ്ബർ പ്രോഡക്ട്സ് 6. ബെസ്റ്റ് എഞ്ചിനീയറിംഗ് വർക്സ് 7. പുണർതം പ്ലാസ്റ്റിക്സ് 8. ജോളി മെറ്റൽസ് 9. ടയർ ട്രെഡ്സ് 10. തൃശ്ശൂർ മോഡേൺ ഹോം പ്ലസ് പ്രൈവറ്റ് ലിമിറ്റഡ് 11. വിവിധ് പ്ലാസ്റ്റിക്സ് 12. ഇന്റലിജന്റ് ഡിസൈൻ 13. ബെഞ്ചി ഇൻഡസ്ട്രീസ് 14. റാഡോ ഇൻഡസ്ട്രീസ് 15. സെന്റ് ജോസഫ് ഇൻഡസ്ട്രീസ് |
| (ഡി) | മിനിവ്യവസായ പാർക്കുകളിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ഡി) | മിനി വ്യവസായ പാർക്കുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭം തുടങ്ങുന്നവർക്ക് സംരംഭത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ പരിശീലനവും സംരംഭക സഹായ പദ്ധതി മുഖാന്തിരമുള്ള സാമ്പത്തിക ആനുകൂല്യങ്ങളും വിവിധ ലൈസൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിനും മാർക്കറ്റിങ്ങിനുള്ള സഹായവും വകുപ്പ് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ